## പൗരാവകാശരേഖ

ഓരോ ഭരണ സ്ഥാപനങ്ങളിലും നിർണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് വിവിധ ഇനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ. ക്ഷേമനിധി ബോർഡിൽ ഒരു പൗരന് അവകാശപ്പെട്ടത് എന്തൊക്കെ എന്നത് അവർക്കറിയാൻ അവകാശമുണ്ടാക്കുക എന്നത് പ്രാഥമിക കർത്തവ്യമാണ്. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതു വഴി അവകാശത്തോടൊപ്പം അവ ലഭ്യമാകാനുള്ള വഴിയും സുതാര്യമാകുന്നു.

**1) സൂപ്പറാന്വേഷൻ പെൻഷൻ അപേക്ഷ** (കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.)

**ആവശ്യമായ രേഖകൾ :**

1) വയസ്സുതെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ്.എസ്.എൽ.സി./പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/പാൻകാർഡ്) ഇവയിൽ ഏതെങ്കിലുമൊന്നിന്റെ കോപ്പി.
2) ആധാർ കാർഡ് കോപ്പി
3) റേഷൻകാർഡ് കോപ്പി
4) കാനറാ ബാങ്ക് സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്.
5) നോമിനിയുമായുള്ള ഒരു ഗ്രൂപ്പ് ഫോട്ടോ

**N.B. മറ്റേതെങ്കിലും പെൻഷൻ (സംസ്ഥാന ഗവൺമെന്റിന്റെയോ/ കേന്ദ്ര ഗവൺമെന്റിന്റെയോ/ മറ്റേതെങ്കിലും ക്ഷേമനിധി ബോർഡിന്റെ പെൻഷൻ/പദ്ധതിയിൽ നിന്നോ/കലാകാര പെൻഷനോ) ആനുകൂല്യം കൈപ്പറ്റുന്നവർ ഡി.ഡിയും രേഖകളും അയക്കേണ്ടതില്ല. വിവരം ബോർഡിനെ അറിയിക്കേണ്ടതാണ്.**

**2) അവശതാ പെൻഷൻ** (നിധിയിൽ കുറഞ്ഞത് 5 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് അയാൾക്ക് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ അതടച്ച് അംഗത്വം നില നിർത്തുന്നപക്ഷം പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്)

**ആവശ്യമായ രേഖകൾ :**

1) വയസ്സുതെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ്.എസ്.എൽ.സി./പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/പാൻകാർഡ്) ഇവയിൽ ഏതെങ്കിലുമൊന്നിന്റെ കോപ്പി.
2) ആധാർ കാർഡ് കോപ്പി
3) റേഷൻകാർഡ് കോപ്പി
4) കാനറാ ബാങ്ക് സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്.
5) സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേക്ക് സർക്കാർ സർവ്വീസിലെ ഒരു സിവിൽ സർജന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3) <u>കുടുംബ പെൻഷൻ</u> (കുറഞ്ഞത് 2 വർഷം അംശദായം അടച്ച ഒരു അംഗമോ, ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. അവിവാഹിതരായ പെൺമക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായ ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്)

**<u>കുടുംബ പെൻഷനു വേണ്ടിയുള്ള അപേക്ഷ അംഗത്തിന്റെ മരണ തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.</u>**

**<u>ആവശ്യമായ രേഖകൾ :</u>**

1) നോമിനിയുടെ ആധാർകാർഡ് കോപ്പി
2) നോമിനിയുടെ തിരിച്ചറിയൽ കാർഡ് കോപ്പി
3) റേഷൻകാർഡ് കോപ്പി
4) മരണസർട്ടിഫിക്കറ്റിന്റെ കോപ്പി
5) നോമിനിയുടെ കാനറാ ബാങ്ക് സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ കോപ്പി
6) വില്ലേജിൽ നിന്നുള്ള ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ്/റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
7) അപേക്ഷകന്റെ/അപേക്ഷകയുടെ ഫോട്ടോ

4) <u>വിവാഹ ധനസഹായത്തിനായുള്ള അപേക്ഷ</u> (കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേയ്ക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹാവശ്യത്തിനായി ധനസഹായം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്)

**<u>വിവാഹ ധനസഹായത്തിനായുള്ള അപേക്ഷ വിവാഹം കഴിഞ്ഞ് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.</u>**

**<u>ആവശ്യമായ രേഖകൾ :</u>**

1) സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്

2) ................................... തീയതിയിൽ വിവാഹം നടക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രമോ, വിവാഹ ക്ഷണകത്തോ ബന്ധപ്പെട്ട അധികാരികളിൽനിന്നും (സ്ഥലത്തെ എം.പി/എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡൻന്റ് / സെക്രട്ടറി / ഗസറ്റഡ് ഓഫീസർ ഇവരിൽ ഒരാളുടെ സർട്ടിഫിക്കറ്റ്) ലഭ്യമാക്കുകയോ അല്ലെങ്കിൽ വിവാഹം കഴിഞ്ഞ് 60 ദിവസത്തിനകം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിവഹാ സർട്ടിഫിക്കറ്റിന്റെ കോപ്പിയോ ഹാജരാക്കേണ്ടതാണ്.

5) <u>ചികിത്സ ധനസഹായത്തിനായുള്ള അപേക്ഷ</u> (ക്ഷേമനിധിയിൽ തുടർച്ചയായി മൂന്ന് വർഷം അംശാദായം അടച്ച ചിസ് ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗത്തിനും കുടുംബാംഗങ്ങൾക്കും ക്ഷേമനിധിയുടെ ആക്ടിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാ സഹായത്തിന് അർഹതയുണ്ടായിരിക്കും. മാരകരോഗങ്ങളായ ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ സംബന്ധമായ അസുഖം എന്നിവയ്ക്ക് 1.5 ലക്ഷം രൂപവരെ ചികിത്സാ സഹായത്തിനായി വ്യവസ്ഥ ഉണ്ട്)

**ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ, ചികിത്സ കഴിഞ്ഞ് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.**

**ആവശ്യമായ രേഖകൾ :**

1) സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്
2) ഡിസ്ചാർജ്ജ് സമ്മറി
3) സർക്കാർ ഡോക്ടർ അഥവാ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയ ചികിത്സ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
4) ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ചികിത്സാ ചെലവ് കാണിക്കുന്ന ഒർജിനൽ ബില്ലുകൾ
5) ചികിത്സ തേടിയത് അംഗത്തിന്റെ കുടുംബാംഗമാണെങ്കിൽ ബന്ധം തെളിയിക്കുന്നതിന് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ്

6) മരണാനന്തര ധനസഹായത്തിനായുള്ള അപേക്ഷ (നിധിയിലെ ഒരംഗം അസുഖം മൂലമോ, അപകടം മൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്ന് വർഷത്തെ കാലാവധിക്കുള്ളിൽ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്)

**മരണാനന്തര ധനസഹായത്തിനായുള്ള അപേക്ഷ, 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.**

**ആവശ്യമായ രേഖകൾ :**

1) നോമിനിയുടെ സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്
2) നോമിനിയുടെ ആധാർകാർഡ് കോപ്പി
3) മരണസർട്ടിഫിക്കറ്റിന്റെ കോപ്പി

7) വിദ്യാഭ്യാസാനുകാല്യത്തിനായുള്ള അപേക്ഷ (നിധിയിലേയ്ക്ക് അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലേയ്ക്ക് അശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ബിരുദ-ബിരുദാനന്തര പഠനചെലവുകൾക്കായി പരമാവധി രണ്ട് പ്രാവശ്യം ഇരുപത്തി അയ്യായിരം രൂപ വരെ വിദ്യാഭ്യാസ വായ്പ അഥവാ മുൻകൂറിന് അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത വായ്പാ തുക അറുപത് തുല്യ തവണകളായി ആറ് ശതമാനം സാധാരണ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. നിധിയിലേക്ക് അഞ്ച് വർഷത്തിലധികം അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ സെക്കന്ററി/ഹയർസെക്കന്ററി പരീക്ഷകൾക്ക് തൊണ്ണൂറ് ശതമാനമോ അതിലധികമോ മാർക്ക് ലഭിച്ചിട്ടുള്ള മക്കൾക്ക് ഉപരിപഠനത്തിനായി അയ്യായിരം രൂപ പ്രതിവർഷ സ്കോളർഷിപ്പായി നൽകുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത വിദ്യാർത്ഥി അതേ നിലവാരത്തിലുള്ള പഠനം തുടരുന്നപക്ഷം ബിരുദ പഠന മാർക്ക് ലിസ്റ്റ് അടിസ്ഥാനമാക്കി ബിരുദാനന്തരപഠനം പൂർത്തിയാക്കുംവരെ പ്രസ്തുത സ്കോളർഷിപ്പ് തുടർന്ന് നൽകാവുന്നതാണ്)

8) പ്രസവാനുകൂല്യത്തിനായുള്ള അപേക്ഷ (നിധിയിലേക്ക് മൂന്ന് മാസത്തിൽ കുറയാത്ത കാലം തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 5000/- രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഗർഭമലസലോ/ ചികിത്സാപരമായ ഗർഭാവസ്ഥാസമാപിക്കലോ, സംഭവിക്കുകയോ വന്ധ്യകരണശസ്ത്രക്രിയ നടത്തുകയോ ചെയ്യുന്നപക്ഷം(1)-ാം ഉപ ഖണ്ഡികയിൽ പറഞ്ഞ വിഭാഗത്തിന് രണ്ടായിരം രൂപ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ പ്രസവാനുകാല്യമോ ഗർഭമലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ രണ്ട് തവണ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.)

**<u>ആവശ്യമായ രേഖകൾ :</u>**

1) സിങ്കിൾ അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്
2) 1)-ാം ഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന് ജനന-മരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3) (2)-ാം ഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന് അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

**<u>പ്രസവാനുകൂല്യത്തിനായുള്ള അപേക്ഷ മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.</u>**

Secretary
Kerala State Cultural Activists' Welfare Fund Board
Thiruvananthapuram

## ഭരണ നിർവ്വഹണം, ഓഫീസ് ഘടന

സെക്രട്ടറിയാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ തലവൻ. ബോർഡിന് തിരുവനന്തപുരത്തുള്ള സംസ്ഥാനതല ഓഫീസ് മാത്രമാണുള്ളത്. ജില്ലാ/മേഖലാ ഓഫീസുകൾ നിലവിലില്ല.

**സെക്രട്ടറി**

അക്കൗണ്ട്സ് ഓഫീസർ

അക്കൗണ്ട്സ് അസിസ്റ്റന്റ്,
സെസ്സ് കളക്ടേഴ്സ്

ലെയിസൺ ഓഫീസർ

അസിസ്റ്റന്റ്, ഇൻവേഡ് ആന്റ് ഡെസ്പാച്ച് സെക്ഷൻ,
പ്യൂൺ, സീപ്പർ, സെക്യൂരിറ്റി

എല്ലാ ഗവൺമെന്റ് ഓഫീസുകളിലേതുപോലെ കേരള സംസ്ഥാന സാംസ്കാരികപ്രവർത്തക ക്ഷേമനിധി ബോർഡും രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെ പ്രവർത്തിക്കുന്നു. പൊതു ജനങ്ങളുടെ പരാതി സംബന്ധിച്ച് പ്രത്യേക സമയമൊന്നും നിജപ്പെടുത്തിയിട്ടില്ല. ഓഫീസ് പ്രവർത്തന സമയത്ത് പൊതു ജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. ഉച്ചയ്ക്ക് 1.15 മുതൽ 2 മണിവരെ ഇടവേളയായിരിക്കും.

### പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം

| ക്രമ നമ്പർ | സേവന വിവരം | സേവനം നൽകുന്നതിന് ഉത്തരവാദിത്വപ്പെട്ട ഓഫീസർ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | വിവരാവകാശ പ്രകാരമുള്ള അപേക്ഷ സ്വീകരിക്കൽ | പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | ഒരു മണിക്കൂറിനകം | 0471-2720071/72 |
| 2 | വിവരാവകാശ പ്രകാരമുള്ള അപേക്ഷ അനുസരിച്ച് വിവരം നൽകൽ | പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | വിവരാവകാശ നിയമത്തിൽ പറയുന്ന കാലയളവ് | 0471-2720071/72 |
| 3 | വിവരാവകാശ പ്രകാരമുള്ള അപ്പീലിന്മേൽ തീർപ്പ് കൽപ്പിക്കൽ | അപ്പീൽ അധികാരി (സെക്രട്ടറി) | വിവരാവകാശ നിയമത്തിൽ പറയുന്ന കാലയളവ് | 0471-2720071/72 (Extn 32) |

ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ട സേവനം സംബന്ധിച്ച് പൊതു ജനങ്ങൾക്കുള്ള ഏത് പരാതിയും രേഖാ മൂലം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് താഴെ പറയുന്ന വിലാസത്തിൽ സമർപ്പിക്കാവുന്നതും താമസം വിന അവയിൽ തീർപ്പ് കൽപ്പിക്കാൻ ശ്രമിക്കുന്നതുമാണ്.

സെക്രട്ടറി,
കേരള സംസ്ഥാന സാംസ്കാരികപ്രവർത്തക ക്ഷേമനിധി ബോർഡ്,
ഒലിവെറ്റ്, റ്റി.സി.29/2621, ടാഗോർ നഗർ-1,
ജി.ജി.എച്ച്.എസ്.എസ്.കോട്ടൺഹിൽ
സ്കൂളിന് എതിർവശം,
സെൻ്റ് ജോസഫ്സ് പ്രസ്സിന് സമീപം, വഴുതക്കാട്,
തൈക്കാട്.പി.ഒ, തിരുവനന്തപുരം-695 014
**Ph.No.0471-2720071, 0471-2720072**
kcwbkerala@gmail.com, **www.cwb.kerala.gov.in**